IV. **മുന്നൂറു (300)** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) പാട്ടുസാഹിത്യത്തിന്റെ നിർവ്വചനമെഴുതി രാമചരിതത്തെ ഉദാഹരിച്ച് വിശദീകരിക്കുക.

20) എഴുത്തച്ഛന്റെ ഭാവാവതരണത്തിന്റെ മഹിമവ്യക്തമാക്കുന്ന മഹാഭാരതഭാഗമാണ് സ്ത്രീപർവ്വം – സമർത്ഥിക്കുക.

21) സന്ദേശകാവ്യങ്ങളുടെ കൂട്ടത്തിൽ ഉണ്ണുനീലി സന്ദേശത്തിനുള്ള സ്ഥാനം പരിശോധിക്കുക.

22) ചെറുശ്ശേരിയുടെ വർണ്ണനാപാടവം പാഠ്യഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

23) മുക്തകം എന്തെന്നെഴുതി പഠിക്കാനുള്ള മുക്തകങ്ങളെ പരിചയപ്പെടുത്തുക.

---



Reg. No.: ..................................

Name : ......................................

VI Semester B.A. Degree (CCSS- Reg./Supple./Improve.)

Examination, May 2015

CORE COURSE IN MALAYALAM

6 B 14 MAL : പ്രാചീന മധ്യകാലകവിത

(2012 Admn.)

Time : 3 Hours

Max. Weightage : 30

I. **നാലു** വിഭാഗം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×1=4 വെയിറ്റേജ്)**

1) പൂരിപ്പിക്കുക.

എ) പാട്ടിലെ ____________ എന്നത് ദ്വിതീയാക്ഷരപ്രാസമാണ്.

ബി) രാമചരിതമല്ലാതെ നമുക്ക് കിട്ടിയിട്ടുള്ള സമ്പൂർണ്ണ പാട്ടുകൃതിയാണ് ____________

സി) രാമചരിതത്തിൽ ആകെ ____________ പടലങ്ങളാണ് ഉള്ളത്.

ഡി) രാമചരിതഭാഷ കൃത്രിമമിശ്രഭാഷയാണെന്ന് അഭിപ്രായപ്പെട്ടത് ____________ ആണ്.

2) **ഒറ്റ** വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

എ) 'പുനൽ' എന്ന വാക്കിന്റെ അർത്ഥമെന്ത് ?

ബി) 'കണ്ണശ്ശകവികൾ' എന്നറിയപ്പെടുന്ന കവികൾ ആരെല്ലാം ?

സി) 'ശിവരാത്രി മാഹാത്മ്യം' എന്ന കൃതി രചിച്ചതാര് ?

ഡി) 'പട്ടാങ്ങ് ' എന്ന പദത്തിന്റെ അർത്ഥമെന്ത് ?

3) ചേരും പടി ചേർക്കുക.

| | |
|---|---|
| എ) ഭാരതമാല | എ) രാമപ്പണിക്കർ |
| ബി) കണ്ണശ്ശരാമായണം | ബി) ശങ്കരൻ |
| സി) അദ്ധ്യാത്മരാമായണം | സി) മാധവപ്പണിക്കർ |
| ഡി) ഭഗവദ്ഗീത | ഡി) എഴുത്തച്ഛൻ |

4) താഴെപ്പറയുന്നവർ ആരെന്നെഴുതുക.

എ) പൗലോമി

ബി) അശ്വിനി

സി) അംഗജൻ

ഡി) കമലജന്മാവ്

5) താഴെപ്പറയുന്ന വാക്കുകളുടെ അർത്ഥമെഴുതുക.

എ) അരുവ

ബി) നാസാമണി

സി) പരവ

ഡി) ഓലക്കം

II. **എഴുപത്തിയഞ്ചു (75)** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×1=4 വെയിറ്റേജ്)**

6) 'മാൽ പുനൈന്തവനറിന്തണെങ്കുലീയവും
മാലവാർകുഴലിലേറും മണി കൈക്കൊള്ളും മുന്നേ' – സന്ദർഭമെന്ത് ?

7) 'ഉല്ലാസത്തൊടു വിനതാതനയനുയർന്നു
പറന്നാകാശേ മറ്റൊരു
പൊല്ലാമക്ഷികതന്നാലാവതു പൊങ്ങു –
വതിന്നാരേ മുനിയുന്നോർ' – വിവക്ഷിതമെന്ത് ?

8) 'കണ്ണനെ ഞങ്ങൾക്കു കാന്തനായ് നൽകേണം
വിണ്ണവർനായികേ മായികേ നീ' – സന്ദർഭമെന്ത് ?

9) 'വിഫലസൂകരമഹാമുരിടകൈത്തടികളും' – വ്യക്തമാക്കുക.



10) 'പണ്ട് രാജ്യാഭിഷേകത്തിനാമ്മാറിരിക്കുന്ന നേരത്തു പാഴ്ത്തള്ള
പിഞ്ചെന്നു തള്ളിക്കളഞ്ഞോരു നേരം കമിണ്ണങ്ങു വീണമ്മുഴ –
ങ്ങാൽച്ചിരട്ടയ്ക്കു ചെറ്റനമുണ്ടായതും നീ ധരിച്ചീലയോ ?' – വിവക്ഷിതമെന്ത് ?

11) ''വാട്ടമില്ലാത വേഗേന നദികളിൽ
കാഷ്ഠങ്ങളെന്ന കണക്കെ ധരിക്ക നീ'' – ആശയം വിശദീകരിക്കുക.

III. **നൂറ്റമ്പത് (150)** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(5×2=10 വെയിറ്റേജ്)**

12) 'മൈതിലിതന്നുടെ ചരിതമെല്ലാം വാനരവീരനുരൈക്കക്കേട്ടു
ചെയ്യമനൻറു നീയെൻറുരൈത്തുതേന്മൊഴിയാളെ നിനൈന്തിരുന്തു' – സന്ദർഭം വിശദമാക്കുക.

13) 'ചൊന്ന വസിഷ്ഠനിയോഗത്താലേ
ശോഭനമാകിയ സരയൂതീരേ
മുന്നൽ മഹാഹയമേധമിയറ്റി
മുനിപ്രവരൻ ക്രിയചെയ്‌വതുകാലം' – സന്ദർഭമെന്ത് ?

14) 'കാളം പോലേ കുസുമധനുഷോ ഹന്ത ! പൂങ്കോഴി കൂകി
ചോളം പോലേ ചിതറിവിതറി താരകാണാം നികായം
താളം പോലേ പുലരിവനിതയ്ക്കാഗതൗ സൂര്യചന്ദ്രൗ
നാളം പോലേ നളിനകുഹുരാദുദ്ഗതാ ഭൃംഗരാജീഃ' – സ്വാരസ്യം വ്യക്തമാക്കുക.

15) ''വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!'' – സന്ദർഭമെഴുതി വിശദീകരിക്കുക.

16) 'അംഗജവൈരിതന്നംഘ്രികൾ തന്നാണ
സങ്കടമാക്കാതെ കൂറ താ നീ' – സ്വാരസ്യം വ്യക്തമാക്കുക.

17) പൊയിലം വർണ്ണനയെ മുൻനിർത്തി ഉണ്ണിച്ചിരുതേവീ ചരിതത്തിലെ ഭാഷാപരമായ പ്രത്യേകതകൾ എഴുതുക.

18) 'എന്നേ! പൊണ്ണാ! പിരാന്താ! പൊണുപൊണെ വെറുതേ
ചീനിപോലേ തടിച്ചി –
ക്കന്യാരത്നം കൊതിച്ചിട്ടുടനുയിർ കളയും –
മാറു തന്നേ തുനിഞ്ഞായ് ' – ആശയം വ്യക്തമാക്കുക.